## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 86

01/03/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.വി ഇബ്രാഹിം<br>ശ്രീ.എം. ഉമ്മർ<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ : വിശദമാക്കാമോ; | (എ) പരിശോധന നടത്തിയിട്ടുണ്ട്.<br>പാലുല്പാദനച്ചെലവ് വർദ്ധിച്ചുവരുന്നതും, കാലിത്തീറ്റവിളകളുടെയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, വരൾച്ച മൂലം ജലത്തിന്റെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, മൃഗചികിത്സയ്ക്കുള്ള ഭാരിച്ച ചെലവ് എന്നിവയാണ് പ്രധാനമായും കർഷകർ നേരിടുന്ന പ്രതിസന്ധികൾ. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മിൽമ പാൽ വില ഇതിനു മുമ്പ് വർദ്ധിപ്പിച്ചത് 2014 ജൂലൈ മാസത്തിലാണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പാലിന്റെ ഉൽപാദന ചെലവിൽ വലിയ വർദ്ധനവുണ്ടാകുകയും അതനുസരിച്ച് സംഭരണ വില വർദ്ധിപ്പിച്ച് കിട്ടാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ക്ഷീരകർഷകർ ഈ രംഗത്ത് നിന്നും ഒഴിഞ്ഞു പോകുന്നതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുകയും പാൽ സംഭരണത്തിൽ കുറവുണ്ടാകുകയും ചെയ്തു. ക്ഷീരോൽപാദന രംഗത്ത് കർഷകർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ |

സംഭരണ വില വർദ്ധിപ്പിച്ച് നൽകേണ്ടതിന്റെ ആവശ്യം ബോധ്യപ്പെട്ട സാഹചര്യത്തിൽ പാലിന്റെ സംഭരണ വില 11.02.2017 മുതൽ വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ ഭരണസമിതി തീരുമാനിക്കുകയുണ്ടായി. 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ പാലിന് ലിറ്ററൊന്നിന് 3.35 രൂപ വർദ്ധനവും സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകി വരുന്നു. തിരുവനന്തപുരം എറണാകുളം എന്നീ മേഖലാ യൂണിയനുകൾ നിലവിൽ ലിറ്ററിന് 2 രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ ഈ സാമ്പത്തിക വർഷം ജനുവരി മാസം വരെ 24.81 കോടി രൂപയുടെ പാൽ വില ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒരേ സമയം ധനസഹായം ലഭിക്കുന്നതിനുള്ള നിയമതടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (സി) | ക്ഷീരവികസനവകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒരേ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിയമതടസ്സം കോർഡിനേഷൻ കമ്മിറ്റിയിൽ കൊണ്ടുവന്ന് ഇതിന് പരിഹാരം കണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.